# ദക്ഷിണ സുഡാൻ പ്രസിഡന്റ് സൽവാ മയാർതിദിന്റെ മകൻ ഇസ്‌ലാമിലേക്ക്

**ഈ** ജൂലൈ 9-ന് സ്വതന്ത്രമായ ദക്ഷിണ സുഡാൻ പ്രസിഡന്റ് സൽവാ മയാർതിദിന്റെ മകൻ ജോൺ ഇസ്‌ലാം സ്വീകരിച്ചതായി സുഡാൻ ദിനപത്രമായ *ഇൻതിബാഹ്* റിപ്പോർട്ട് ചെയ്തു. പിതാവ് സ്വതന്ത്രരാഷ്ട്രത്തിന്റെ പ്രഥമ പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത ദിവസമാണ് ജോൺ ഇസ്‌ലാം പ്രഖ്യാപിച്ചത്. സുഡാൻ തലസ്ഥാനമായ ഖുർത്തൂമിലെ വലിയ പള്ളിയിൽ വെച്ചായിരുന്നു ഇസ്‌ലാം ആശ്ലേഷം. പള്ളിയങ്കണം തക്ബീറുകളാൽ മുഖരിതമായിരുന്നു. സൽവാ മയാർതിദിന്റെ നാലാമത്തെ ഭാര്യയിലെ പുത്രനായ ജോൺ, മുഹമ്മദ് എന്ന പേർ സ്വീകരിച്ചു. ദക്ഷിണ സുഡാനിലെ കീജ് പ്രവിശ്യയിൽ കുടുംബസമേതം താമസിക്കുന്ന ജോൺ ഇസ്‌ലാം പ്രഖ്യാപനത്തിന് ഖുർത്തൂമിലേക്ക് വരികയായിരുന്നു. ക്രിസ്തുമത വിശ്വാസിയായ തന്റെ പിതാവിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ച ജോൺ തന്റെ ശേഷിച്ച ജീവിതം ഇസ്‌ലാമിന്റെ പ്രബോധനത്തിന് വേണ്ടി ചെലവഴിക്കുമെന്ന് പ്രഖ്യാപിച്ചു.



*ജോൺ*

# സയണിസ്റ്റ് തടവറയിൽ കാൽനൂറ്റാണ്ട്

**അഹ്മദ്** അബൂജാബിർ എന്ന ഫലസ്ത്വീൻകാരൻ ഇസ്രയേലി തടവറയിൽ 25 വർഷം പൂർത്തിയാക്കിയതോടെ കാൽനൂറ്റാണ്ട് സയണിസ്റ്റ് തടവറയിൽ കഴിഞ്ഞ ഫലസ്ത്വീനികളുടെ എണ്ണം 42 ആയി. തടവുപുള്ളികളുടെയും ജയിൽ മോചിതരുടെയും മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സിലെ ഡയറക്ടർ അബ്ദുന്നാസിർ ഫർവാനയാണ് ഈ വിവരം വെളിപ്പെടുത്തിയത്. 'ജനറാലാത്തുസ്സബർ' (ക്ഷമയുടെ ജനറൽമാർ) എന്നാണ് ഇസ്രയേൽ തടവറയിൽ കാൽനൂറ്റാണ്ട് പൂർത്തിയാക്കിയവർക്ക് നൽകിയിരിക്കുന്ന സ്ഥാനപ്പേര്. ഇപ്പോൾ കാൽനൂറ്റാണ്ട് പൂർത്തിയാക്കിയ അബൂജാബിർ 1960-ൽ ആണ് ജനിച്ചത്. പിന്നീട് കുടുംബ സമേതം കഫർ കാസിം പട്ടണത്തിൽ കുടിയേറിയ അദ്ദേഹത്തെ ഫതഹ് മൂവ്മെന്റിൽ അംഗമായി, ഇസ്രയേൽ സൈനികനെ വധിച്ചു എന്നീ കുറ്റങ്ങൾ ചുമത്തി അധിനിവേശ സൈന്യം 1986ൽ അറസ്റ്റ് ചെയ്ത് ജയിലിലടക്കുകയായിരുന്നു. ആജീവനാന്ത തടവ് കൂടാതെ 10 വർഷത്തെ കഠിന തടവിനും ശിക്ഷിക്കപ്പെട്ട അബൂ ജാബിർ 3 മക്കളുടെ പിതാവാണ്.

# ഗസ്സയോടുള്ള ഈജിപ്തിന്റെ മുൻ നിലപാട് ലജ്ജാകരം

**ഗസ്സയോട്** ഈജിപ്ത് മുമ്പ് സ്വീകരിച്ച നിലപാട് ലജ്ജാകരമായിരുന്നെന്ന് വിദേശകാര്യ മന്ത്രി നബീൽ അൽഅറബി വ്യക്തമാക്കി. റഫഹ് അതിർത്തി അടച്ചു കൊണ്ടുള്ള മുൻ സർക്കാറിന്റെ നിലപാട് ഇസ്രയേലിനെ സന്തോഷിപ്പിക്കുന്നതും ഗസ്സക്ക് മേലുള്ള ഉപരോധം കൂടുതൽ പ്രയാസകരമാക്കുന്നതുമായിരുന്നു. റഫഹ് അതിർത്തി എന്നന്നേക്കുമായി തുറന്നിടാൻ പുതിയ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും ഉപരോധം നിഷ്ഫലമാക്കാനുള്ള നീക്കങ്ങളിൽ സഹകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഈജിപ്തിലെയും ഫലസ്ത്വീനിലെയും ജനങ്ങൾ ലക്ഷ്യമാക്കുന്നത് ഒരേ സുരക്ഷാ താൽപര്യങ്ങളാണ്. രണ്ട് രാജ്യത്തെയും ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കേണ്ടതും അനിവാര്യമാണ്. ഫതഹ്, ഹമാസ് കക്ഷികൾ ഈജിപ്തിൽ വെച്ച് അനുരഞ്ജന കരാർ ഒപ്പുവെച്ച സാഹചര്യത്തിൽ അറബ് രാജ്യങ്ങൾ ഫലസ്ത്വീന്റെ ആവശ്യങ്ങൾ കൂടുതൽ അനുഭാവപൂർവം പരിഗണിക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു.



*നബീൽ അറബി*

## വിഷൻ 2016 എഡ്യൂക്കേഷണൽ കോംപ്ലക്സ് ശിലാസ്ഥാപനം

**ന്യൂദൽഹി:** ബീഹാർ മുസഫർപൂരിൽ 20 വർഷത്തോളമായി നടന്നുകൊണ്ടിരിക്കുന്ന, എസ്.എസ്.എൽ.സി വരെയുള്ള സ്കൂളിൽ 1200ലധികം കുട്ടികൾ പഠിക്കുന്നു. സ്വന്തമായി ഒരു കെട്ടിടം നിർമിക്കാൻ കഴിയാതെ കെട്ടിടം വാടകക്ക് എടുത്ത് വളരെ പ്രയാസപ്പെട്ടുകൊണ്ടാണ് കുട്ടികൾ അവിടെ ഞെങ്ങിഞെരുങ്ങി പഠിക്കുന്നത്.

വിഷൻ 2016 ഈ സ്ഥാപനം ഏറ്റെടുത്ത് മുഹമ്മദ് അമിരി എഡ്യൂക്കേഷണൽ കോംപ്ലക്സ് എന്ന പേരിൽ സ്വന്തമായി ഒരു ബിൽഡിംഗ് നിർമിക്കാൻ തീരുമാനിച്ചു. ശിലാസ്ഥാപന കർമം ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അസി. അമീർ, മുഹമ്മദ് ജഅ്ഫർ നിർവഹിച്ചു.




വിഷൻ 2016ന്റെ കോ-ഓർഡിനേറ്റർ ലത്വീഫ് കലൂർ വിഷൻ 2016ന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഭാവിയിൽ ഇതിനോട് ചേർന്ന് കോളേജുകളും ടെക്നിക്കൽ സ്കൂളുകളും വിഷന്റെ ലക്ഷ്യമാണെന്ന് അറിയിച്ചു. പരിപാടിയിൽ ജ.ഇ ബീഹാർ അമീർ ഖമറുൽ ഹുദ, മൗലാന ഫൗണ്ടേഷൻ യൂനിവേഴ്സിറ്റി വൈസ് ചെയർമാൻ മസൂദ്, മറ്റു സാമൂഹിക രാഷ്ട്രീയ പ്രമുഖർ സംസാരിച്ചു. ട്രസ്റ്റ് പ്രസിഡന്റ് സിബ്ഗത്തുല്ല ഹിജാസി നന്ദി പറഞ്ഞു.

### റെയ്ച്ചൂരിലെ വനിതാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

പഞ്ചായത്ത് പ്രസിഡന്റാണ് തൻവീർ ബശീറുദ്ദീൻ. മുഖം മൂടുന്ന പർദ ധരിച്ചുകൊണ്ട് ഈ പ്രസിഡന്റ് നടത്തുന്ന ജനസേവന പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധയാകർഷിക്കുകയാണ്. ഹൈദരാബാദ്-കർണാടക ഏരിയയിലെ ആദ്യത്തെ വനിതാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണിവർ.

ഈയിടെ റെയ്ച്ചൂരിൽ ലോക ബാങ്ക് സഹായത്തോടെ ഗ്രാമീണ ശുചിത്വത്തെക്കുറിച്ച് ഒരു ഏകദിന സെമിനാർ സംഘടിപ്പിക്കപ്പെടുകയുണ്ടായി. പ്രമുഖ വ്യക്തികൾ ചടങ്ങിൽ പങ്കെടുത്തു.

### കൈയേറിയ വഖ്ഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കും

**ദൽഹിയിൽ** അന്യായമായി കേന്ദ്ര സർക്കാർ കൈവശം വെക്കുന്ന 123 വഖ്ഫ് സ്വത്തുക്കൾ ദൽഹി വഖ്ഫ് ബോർഡിന് കൈമാറുമെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി സൽമാൻ ഖുർശിദ് അറിയിച്ചു. ഇവയുടെ രേഖകളും ബോർഡിന് കൈമാറും. ഇവ കേന്ദ്രസർക്കാർ അന്യായമായി കൈവശപ്പെടുത്തിയതായി ബർണി കമ്മിറ്റി കണ്ടെത്തിയിരുന്നു. ആറ് മാസത്തിനകം ഇവ ബോർഡിന് കൈമാറണമെന്നും ഇക്കാര്യത്തിൽ നയം രൂപവത്കരിക്കണമെന്നും ഈ വർഷം ജനുവരിയിൽ ഹൈക്കോടതി നിർദേശിച്ചിരുന്നു. ഈ സ്വത്തുക്കൾ തിരിച്ചുപിടിച്ചാൽ രാജ്യത്തൊട്ടാകെയുള്ള അന്യാധീനപ്പെട്ട വഖ്ഫ് സ്വത്തുക്കൾ തിരികെ കിട്ടുന്നതിന് മാതൃകയാവുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

## മുസ്‌ലിം പൊതുപ്രശ്നങ്ങൾക്ക് ഒരു ബോർഡ് കൂടി

**ദേശീയതലത്തിൽ** മുസ്‌ലിംകളുടെ പൊതുപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പൊതുവേദി കൂടി നിലവിൽ വന്നു. ആൾ ഇന്ത്യാ മുസ്‌ലിം മസാഇൽ ബോർഡ് (എ.ഐ.എം.എം.ബി) എന്നാണ് വേദിയുടെ പേര്. വിവിധ വിഭാഗങ്ങളിലെ പണ്ഡിതർ നേതൃത്വം നൽകുന്ന ബോർഡ് സമുദായത്തിലെ സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ശ്രദ്ധിക്കുക. ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡിന്റെ നിർദേശ പ്രകാരം മാത്രമാണ് തങ്ങൾ പ്രവർത്തിക്കുക എന്ന് നേതാക്കൾ അറിയിച്ചു. സമുദായത്തിനകത്ത് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, വിവിധ മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ ഐക്യം ഉണ്ടാക്കുക, നിരപരാധികളായ മുസ്‌ലിംകളെ വേട്ടയാടുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുക, സ്ത്രീധനം-വിവാഹധൂർത്ത് എന്നിവയെ ചെറുക്കുക, അഗതി-അനാഥ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിലാണ് ബോർഡ് ഊന്നൽ നൽകുക. അസ്മത്തുല്ല നദ്‌വി, മൗലാനാ ഫസ്‌ലുർറഹ്മാൻ വൈസി, മൗലാനാ ജഹാംഗീർ ആലം ഖാസിമി, മൗലാനാ മുഹമ്മദ് മുസ്തഫ നദ്‌വി, മൗലാനാ അബ്ദുൽ ഇർഫാൻ



മിയാൻ ഫാറംഗി മഹ്‌ലി, ശായിസ്ത അംബർ തുടങ്ങിയവരാണ് ബോർഡിന്റെ നേതൃനിരയിലുള്ളത്. ലഖ്നൗവിലാണ് ആസ്ഥാനം. വെബ്സൈറ്റ്: www.aimmboard.blogspot.com

## ടിപ്പുസുൽത്താന്റെ മസ്ജിദ് ശോച്യാവസ്ഥയിൽ



**മൈസൂരിലെ** ശ്രീരംഗപട്ടണത്ത് 1784-ൽ ടിപ്പു സുൽത്താൻ നിർമിച്ച ജുമാ മസ്ജിദ് (മസ്ജിദെ അഅ്‌ലാ) ശോച്യാവസ്ഥയിൽ. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ അധീനതയിലുള്ള പള്ളിയുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നത് പേരിനു മാത്രം. ടിപ്പുസുൽത്താൻ തന്നെ ആദ്യ ഇമാമത്ത് നിർവഹിച്ചതായി കരുതപ്പെടുന്ന ഈ മസ്ജിദ് ഇസ്‌ലാമിക, ഹൈന്ദവ ശിൽപകലയുടെ മികച്ച സങ്കലന മാതൃകയാണ്. രണ്ട് നിലകളായി ഉയർന്നുനിൽക്കുന്ന മിനാരങ്ങൾ ദൂരെ നിന്ന് തന്നെ കാണാനാവും. മിനാരങ്ങൾക്കകത്തുള്ള 250 പടികൾ കയറിയാൽ ശ്രീരംഗപട്ടണത്തിന്റെ വിഗഹ വീക്ഷണവും സാധ്യമാവും.

ഒരുകാലത്ത് ഏറെ പ്രതാപത്തോടെ ഉയർന്നു നിന്ന മസ്ജിദ് ഇന്ന് അധികാരികളുടെ അവഗണനയുടെ നേർകാഴ്ചയാണ്. ചുമരുകളും മേൽക്കൂരയും അടർന്നുകൊണ്ടിരിക്കുന്നു. പള്ളിക്കകത്തുള്ള ചിത്രപ്പണികൾ അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ നശിച്ചുകൊണ്ടിരിക്കുന്നു. അഞ്ചു വർഷത്തിലൊരിക്കൽ പുറംഭാഗത്ത് പെയിന്റടിക്കൽ മാത്രമാണ് ഇപ്പോൾ നടക്കുന്നത്. നൂറുകണക്കിന് സന്ദർശകരാണ് ദിവസവും പള്ളിയിൽ വന്നുപോകുന്നത്. മുസ്‌ലിം സമുദായത്തിന്റെയും പൊതുസമൂഹത്തിന്റെയും ജാഗ്രത കൊണ്ടു മാത്രമേ ഈ ചരിത്ര സ്മാരകം സംരക്ഷിക്കാനാവൂ.

### 'ഫെമി' മധ്യപ്രദേശിൽ ആരംഭിച്ചു

**ഫെഡറേഷൻ** ഓഫ് മുസ്‌ലിം എജുക്കേഷനൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഇന്ത്യ (FEMI) മധ്യപ്രദേശ് ഘടകം ഉദ്ഘാടനം ചെയ്തു. ജമാഅത്തെ ഇസ്‌ലാമി ദേശീയസമിതിയംഗം മുജ്തബാ ഫാറൂഖ്, മധ്യപ്രദേശ് ന്യൂനപക്ഷ കമീഷൻ ചെയർമാൻ മുഹമ്മദ് അൻവർ ഖാൻ, ഒ.ബി.സി ചെയർമാൻ രഘുവീർ ശ്രീവാസ്തവ ഐ.എ.എസ് തുടങ്ങിയവർ സംബന്ധിച്ചു.